(ബി) ഇക്കണോമിക്സ് ലക്ചറർമാരുടെ ഏറ്റവും ഒടുവിലത്തെ പി. എസ്. സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ; കാലാവധി എന്നു തീരും ;

(സി) പ്രീഡിഗ്രി വേർപ്പെടുത്തൽ പൂർത്തിയാക്കുന്നതിന് കാലതാമസം ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത റാങ്ക്ലിസ്റ്റിലുള്ളവർക്ക് നിയമനം ലഭിക്കാതെ വരാൻ ഇടയില്ലേ ;

(ഡി) പ്രസ്തുത നിയമനങ്ങൾ എന്നു തുടങ്ങുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 3 ഒഴിവുകൾ

(ബി) 29-1-1999 ൽ ഇക്കണോമിക്സ് ലക്ചറർമാരുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നു. അതിന്റെ കാലാവധി മൂന്ന് വർഷമാണ്.

(സി) പ്രീഡിഗ്രി അബോളിഷൻ ആക്ട് അനുസരിച്ച് നിയമന നിരോധനം ജൂൺ 2000 വരെയാണ്. അതിനുശേഷം നിയമനത്തിന് തടസ്സം വരാൻ സാധ്യതയുണ്ടാവാനിടയില്ല.

(ഡി) ഉത്തരം സിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കണ്ണൂർ സർവ്വകലാശാല സിൻഡിക്കേറ്റ് പ്രതിനിധികൾ

121 (2998) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ സർവ്വകലാശാല സിൻഡിക്കേറ്റിലേയ്ക്ക് സർക്കാർ നാമനിർദ്ദേശം ചെയ്ത ഗവൺമെന്റ് കോളേജ് പ്രിൻസിപ്പൽമാരുടെ പ്രതിനിധികളിലാരെങ്കിലും സർവ്വീസിൽ നിന്നു വിരമിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സിൻഡിക്കേറ്റിലേയ്ക്ക് ഒരു വർഷക്കാലാവധിയിൽ നാമനിർദ്ദേശം ചെയ്ത വിദ്യാർത്ഥി പ്രതിനിധികളുടെ കാലാവധി പൂർത്തിയായിട്ടുണ്ടോ ;

(സി) ഇവർക്ക് പകരം ആരെയെങ്കിലും നാമനിർദ്ദേശം ചെയ്തുവോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ഡി) ഇവരുടെ പകരക്കാരെ നാമനിർദ്ദേശം ചെയ്യാൻ വൈസ്ചാൻസലറോട് ആവശ്യപ്പെടുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly